കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം 2015-16 - മലമ്പുഴ നിയോജകമണ്ഡലം - കൊട്ടുമ്പ് ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിലെ പുതിയ ഹാളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തി - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2393/18/തസ്വഭവ തിരുവനന്തപുരം, തീയതി :07.09.2018

പരാമർശം:- 1. 11/06/2012 ലെ സ ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06/07/2018 ലെ ഡി.ബി3/1138/16/സിഇ/തസ്വഭവ നമ്പർ കത്ത്.

3. 27.07.2018 ലെ സ ഉ(സാധാ.)6376/18/ധന നമ്പർ ഉത്തരവ്

## ഉത്തരവ്

മലമ്പുഴ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. വി.എസ് അച്യുതാനന്ദൻ എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കൊട്ടുമ്പ് ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിലെ പുതിയ ഹാളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 50 ലക്ഷം രൂപയ്ക്ക് (അൻപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി പ്രവൃത്തിയ്ക്ക് പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേക അനുമതിയും നല്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലമ്പുഴ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. വി.എസ് അച്യുതാനന്ദൻ എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കൊട്ടുമ്പ് ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിലെ പുതിയ ഹാളും അനുബന്ധ സൗകര്യങ്ങളും എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 50 ലക്ഷം രൂപയ്ക്ക് (അൻപത് ലക്ഷം രൂപ മാത്രം), വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും പരാമർശം ലെ സർക്കാർ ഉത്തരവും പാലിക്കണമെന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(..........2)

3) ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി.എ.ഡി. എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ശ്രീ. വി .എസ് അച്യുതാനന്ദൻ എം.എൽ.എ (ആമുഖ കത്ത് സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം ,തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കൊട്ടുമ്പ് ഗ്രാമ പഞ്ചായത്ത്.

ധനകാര്യ വകുപ്പ് (നം .NC-C2/29/2018-FIN തീയ്യതി.10/08/2018)

ത.സ്വ.ഭ.വ( ഒ.എസ്)വകുപ്പ് (ഡി.ബി.2/88/2016/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ